നപ്പെട്ട സബ്ജക്ട് കമ്മിറ്റിയും നിയമസഭയും അംഗീകരിച്ച് ബഡ്ജറ്റിന്റെ അടക്കം പതിനാലുവർഷത്തെ കാലതാമസമുണ്ടായ വെളിച്ചത്തിൽ ഈ വർക്ക് ചെയ്യണമെന്ന് എല്ലാവരും തീരുമാനിച്ചിട്ടും ഈ വർക്കു ചെയ്യാത്ത സർവ്വശക്തനായ തമ്പുരാൻ ആരാണ് എന്ന് കണ്ടുപിടിച്ച് നടപടിയെടുക്കണം. സൗകര്യമുണ്ടെങ്കിൽ പണിയണം. ഇല്ലെങ്കിൽ കായങ്കുളം വനിതാ പോളിടെക്നിക് കെട്ടിടം പണിയില്ല എന്ന് അങ്ങു പറയണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) ; സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കേണ്ടതായിട്ടില്ല. ഇതിന് രണ്ടുകോടി നാൽപ്പത്തിയഞ്ചുലക്ഷം രൂപ മുടക്കി സ്ഥലമെടുത്തു. അതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി. വിദ്യാഭ്യാസ വകുപ്പിൽനിന്ന് ചെയ്യാനുള്ളതൊക്കെ ചെയ്തു. അവസാനം 29.11.99-ൽ രണ്ടുകോടി പത്ത് ലക്ഷം രൂപയ്ക്കുള്ള അനുമതിക്കായി ധനകാര്യ വകുപ്പിലേക്ക് ഫയൽ അയച്ചു. ഇത്രയും പറഞ്ഞുകൊണ്ട് പറയാതിരിക്കാൻ നിവൃത്തിയില്ല. ധനകാര്യവകുപ്പിൽ നിന്നുള്ള നോട്ട് ഞാൻ ഇവിടെ വായിക്കാം. "Estimates are not based on 1999 schedule. Hence actually it will be much more or there will be heavy tender excess. Administration Department may defer the proposal for better times''. എന്നുപറഞ്ഞ് 8.12.99 ന് ധനകാര്യവകുപ്പ് റഫർ ചെയ്തിരിക്കുന്ന അവസ്ഥയാണുള്ളത്. ആരാണെന്ന് കണ്ടുപിടിച്ചോളുക. ഫോർ സെക്രട്ടറി ഫിനാൻസ്, എന്റെ കൈയിൽ അതുസംബന്ധിച്ച ഫയലുണ്ട്.

(6) എഫ്.സി.ഐ. ജീവനക്കാരുടെ 13.12.99-ലെ ധർണ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, എഫ്.സി.ഐ. ഗോഡൗണുകളുടെ പുറത്ത് ഇംപോർട്ടുചെയ്ത ഗോതമ്പ് വേണ്ടത്ര ജാഗ്രതയില്ലാതെ സൂക്ഷിക്കുന്നതിന്റെ ഫലമായി മഴ നനഞ്ഞ് കേടായ ഗോതമ്പ് പലയിടത്തും റേഷൻകടകളിൽക്കൂടി വിതരണം ചെയ്യാൻ കൊടുക്കാറുണ്ട്. ഒട്ടും കൊള്ളരുതാത്ത ഗോതമ്പ് കുഴിച്ചുമൂടുകയാണ്. തൃശ്ശൂരിൽ ആ ഗോതമ്പ് കുഴിച്ചുമൂടിയതായി പത്രവാർത്ത വന്നു. അത് അവിടെ കിടന്ന് മുളച്ചിട്ടുണ്ട്. അതുപോലെ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ഓഫീസുകളിലും ഇതുപോലെ വേണ്ടത്ര ജാഗ്രതയോടെ സൂക്ഷിക്കാതെ കേടായ ഗോതമ്പ് മുഴുവൻ കുഴിച്ചുമൂടുകയാണ് ചെയ്തിട്ടുള്ളത്. ഗോഡൗണുകളുടെ പുറത്ത് സൂക്ഷിക്കുന്ന ഗോതമ്പ് എലികൾ കയറി വ്യാപരിച്ച് എലിപ്പനി വരുത്തുന്ന ഒരു കേന്ദ്രമാക്കിയും ഗോതമ്പ് ഗോഡൗണുകൾ മാറിയിട്ടുണ്ട്. ആ പ്രദേശത്തുള്ള ആളുകൾക്ക് എലിപ്പനി ബാധിക്കുന്ന വിധത്തിലും ഫുഡ് കോർപ്പറേഷന്റെ ഗോഡൗണിൽ ഗോതമ്പ് സൂക്ഷിക്കുന്ന രീതി ഇടയാക്കിയിട്ടുണ്ട്. ഇത് കണ്ടുപിടിച്ച് പരാതി പറഞ്ഞ ഉദ്യോഗസ്ഥൻമാരെ ഇവിടെനിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് സ്ഥലം മാറ്റുകയാണ്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ അധികൃതർ ചെയ്തുവരുന്നത്. അതിനെതിരായി ജീവനക്കാർ റീജിയണൽ ഓഫീസിന് മുൻപിൽ ഇന്നുച്ചക്ക് ഉപവാസം നടത്തുകയാണ്, ഫുഡ് കോർപ്പറേഷൻ റേഷൻ കടകൾക്ക് കൊടുക്കുന്ന ഗോതമ്പിൽ ഷോർട്ടേജ് വരുന്ന ഗോതമ്പത്രയും തൂക്കത്തിൽ കുറവു വരുത്തിയാണ് ഹോൾസെയിൽ വ്യാപാരികൾക്ക് കൊടുക്കുന്നത്. ഹോൾസെയിൽ വ്യാപാരികൾ റീട്ടെയിൽ വ്യാപാരികൾക്ക് അളവിൽ കുറവ് വരുത്തുന്നു. അതിൽനിന്ന് താഴെ വരുമ്പോൾ റേഷൻ കടക്കാർക്കും കുറവു വരുത്തുകയാണ്. അതുകൊണ്ട് അവിടെ വരുന്ന ഭക്ഷ്യധാന്യങ്ങൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ സംവി

LIBRARY ARCHIVES Kerala Legislative Assembly

ധാനമുണ്ടാക്കണം. അത് ചൂണ്ടിക്കാണിക്കുന്ന ആളുകളുടെ പേരിൽ അന്യായമായ സ്ഥലം മാറ്റം നടത്തുന്ന നടപടികളുപേക്ഷിക്കണം. അത് ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) ; സർ, എഫ്.സി.ഐ. ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റത്തിൽ കേന്ദ്ര ഗവണ്മെന്റിന് വലിയ ജാഗ്രയാണ്. ഉപയോഗശൂന്യമായ ഗോതമ്പ് കുഴിച്ചിടേണ്ടിവന്നതെന്തെന്നുവച്ചാൽ മോശമായ സാധനങ്ങൾ സംസ്ഥാന ഗവണ്മെന്റ് എടുക്കയില്ലെന്ന് നിർബന്ധം പിടിച്ചതുകൊണ്ടാണ്. കഴിയുന്നിടത്തോളം സകല സിവിൽസപ്ലൈസ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം കൊടുത്തിരിക്കുന്നത് യാതൊരു കാരണവശാലും കൊള്ളരുതാത്തത് എടുക്കരുതെന്നാണ്. ഇതെല്ലാം കഴിഞ്ഞാലും ചിലപ്പോൾ പരിശോധിക്കുന്ന ചാക്ക് നല്ലതായിരിക്കും, പക്ഷേ മോശമായ സാധനം കൊടുക്കുന്നുണ്ട്. അതുകൊണ്ട് എഫ്.സി.ഐ. യുടെ സാധനങ്ങളുടെ ക്വാളിറ്റി മോശമാണെന്നുള്ള കാര്യത്തിൽ ഞാൻ ഇപ്പോൾ ഡൽഹിയിൽ പോയപ്പോഴും ഫുഡ് കോർപ്പറേഷൻ എം.ഡി. യോടും ഫുഡ് കോർപ്പറേഷൻ സെക്രട്ടറിയോടുമൊക്കെ പറഞ്ഞു, ക്വാളിറ്റിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യരുതെന്ന്. അവർ ഉറപ്പ് നൽകുന്നുണ്ട്, എങ്കിലും ഇങ്ങനെ പലതും വരുന്നുണ്ട്. എഫ്.സി.ഐ. ജീവനക്കാരെ അന്യായമായി ട്രാൻസ്ഫർ ചെയ്തതിന്റെ ഫലമായി നടത്തുന്ന ജീവനക്കാരുടെ സമരത്തോട് സിമ്പതിയാണ്. ഞങ്ങൾ വല്ലതും ഇൻഡ്യാ ഗവണ്മെന്റിനെ അറിയിക്കേണ്ടതുണ്ടെങ്കിൽ അറിയിക്കാം.

(7) നാഷണൽ ലാ സ്കൂൾ

ശ്രീ. കെ.സി. ജോസഫ് : സർ, നിയമ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും നിലവാരവും ഉയർത്തുന്നതിനുവേണ്ടി നിരവധി കാര്യങ്ങൾ ബാർ കൗൺസിൽ ഓഫ് ഇൻഡ്യയും കേന്ദ്ര ഗവണ്മെന്റും ആലോചിച്ചുവരികയാണ്. നേരത്തേ ഇതിനുവേണ്ടി ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ഒരു ട്രസ്റ്റ് രൂപീകരിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ളൂർ കേന്ദ്രമായി ഒരു നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യ സ്ഥാപിക്കുകയും ചെയ്തു. അവിടെ നിയമ വിദ്യാഭ്യാസം, ഗവേഷണം തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങളുണ്ട്. അതിന്റെ മാതൃകയിലാണ് കേരളത്തിൽ 1996-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ (ബിൽ നമ്പർ 163 ആയി) എം.കെ. നമ്പ്യാർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ലീഗൽ സയൻസസ് ബിൽ, 1996 സർക്കുലേറ്റ് ചെയ്തത്. നിയമസഭ പിരിഞ്ഞുപോയതുകൊണ്ട് പാസ്സാക്കാൻ കഴിഞ്ഞില്ല. ആ ബിൽ സർക്കുലേറ്റു ചെയ്തുവെങ്കിലും പിന്നീട് തെരഞ്ഞെടുപ്പ് വന്നു, ആ ബിൽ നിയമമായില്ല. ഇന്ന് കേരളത്തിൽ ഏതാണ്ട് ഏഴോ എട്ടോ ലാ കോളേജുകളുണ്ട്. അങ്ങും ഒരു പ്രഗൽഭനായ നിയമ വിദ്യാർത്ഥിയായിരുന്നു. നമ്മുടെ നിയമ വിദ്യാഭ്യാസത്തിന് ഇന്ന് ഒരു പരപ്പുണ്ടെന്നുള്ളതല്ലാതെ നല്ല ദേശീയ സ്ഥാപനങ്ങൾ കേരളത്തിലില്ല. ഇന്ന് ബാംഗ്ളൂരിൽ നാഷണൽ ലാ സ്കൂൾ ഓഫ് ഇൻഡ്യയുണ്ട്. പൂനയിലുണ്ട്. കേരളത്തിൽ ഏഴോ എട്ടോ ലാ കോളേജുണ്ടെങ്കിലും എല്ലാം സാധാരണഗതിയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. നമുക്ക് നിയമവിദ്യാഭ്യാസരംഗത്ത് ഉന്നതമായ സ്ഥാപനങ്ങൾ കേരളത്തിലുണ്ടാകണം. രണ്ടാഴ്ച മുൻപ് കേന്ദ്ര നിയമമന്ത്രി ശ്രീ. രാംജഠ്മലാനി കൊച്ചിയിൽവച്ച് പറഞ്ഞത് എനിക്ക് വായിക്കാനിടയായി. ആറ് ദേശീയ നാഷണൽ ലാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ പോകുന്നതായി അദ്ദേഹം പറഞ്ഞു. എറണാ

LIBRARY ARCHIVES Kerala Legislative Assembly